"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരത മിഷൻ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉല്ലാസിന് (ന്യൂ ഇന്ത്യാ ലിറ്ററസി പ്രോഗ്രാം) 2025-2026 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും എസ്.എൻ.എ-സ്പർശ് സിസ്റ്റം മുഖേന തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.622/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 05/12/2025-ലെ F.No.20-18/2022-AE-I നമ്പർ കത്ത്.
2. കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ 15/12/2025-ലെ P2/0565/25/KSLMA നമ്പർ കത്ത്.
3. സ.ഉ (സാധാ) നം.1700/2026/ധന തീയതി 20/02/2026.
4. സ.ഉ (സാധാ) നം.1814/2026/ധന തീയതി 24/02/2026.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പാക്കുന്ന ക്രേന്ദാവിഷ്കൃത പദ്ധതിയായ ഉല്ലാസിന് (ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം) ക്രേന്ദാവിഷ്കൃത പദ്ധതികൾക്ക് തുക അനുവദിക്കുന്നതിനായി ആവിഷ്കരിച്ച എസ്.എൻ.എ - സ്പർശ് സിസ്റ്റം മുഖേന 2025-26 സാമ്പത്തിക വർഷത്തിലെ ആദ്യ മദർ സാങ്ഷൻ പരാമർശം (1) പ്രകാരംകേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

ആയതിൻ പ്രകാരം സംസ്ഥാനത്തിന് Project Approval Board (PAB) അംഗീകരിച്ച തുകയുടെ 50 ശതമാനമായ 24,49,000/-രൂപ മാത്രമാണ് ആദ്യ റിലീസിൽ വകയിരുത്തിയിട്ടുള്ളത് എന്നും, ആയതിനാൽ സംസ്ഥാന ബജറ്റിൽ ടി പദ്ധതിയ്ക്കായി നൽകിയിരിയ്ക്കുന്ന ശീർഷകങ്ങളിൽ 60% കേന്ദ്ര സർക്കാർ വിഹിതവും (24,49,000) 40% സംസ്ഥാന സർക്കാർ ആനുപാതിക വിഹിതവും (16,32,667) കൂടി ചേർത്തുള്ള തുകയായ 40,81,667/- (നാല്പത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുനൂറ്റി അറുപത്തിയേഴ്) രൂപയുടെ റൗണ്ട് ഓഫ് തുകയായ 40,82,000/-രൂപ ( നാൽപതു ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ മാത്രം ) സംസ്ഥാന വിഹിതം അനുവദിയ്ക്കുന്ന ശീർഷകമായ 2515-00-102-22(02) Plan എന്ന ശീർഷകത്തിലേയ്ക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്ത് നൽകണമെന്ന് സാക്ഷരത മിഷൻ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേന്ദ്ര വിഹിതത്തിന്റെ

ആനുപാതികമായ തുകയും (60 : 40 എന്ന ക്രമത്തിൽ ) പരാമർശം 4 ലെ സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം ധന പുനർ വിനിയോഗത്തിലൂടെ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് വകയിരുത്തിയ 12,52,000/- രൂപയും (പന്ത്രണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരം രൂപ മാത്രം) ഉൾപ്പെടെ മൊത്തം 40,82,000/- രൂപ ( നാൽപതു ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ മാത്രം ) ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള ശീർഷകങ്ങളിൽ നിന്നും സംസ്ഥാന വിഹിതം അനുവദിയ്ക്കുന്ന 2515-00-102-22(02) Plan എന്ന ശീർഷകത്തിലേയ്ക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്ത് അനുവദിച്ച് ഉത്തരവാകുന്നു.

| State Budget Head | Central Share (Rs.) | Central Share and State Share (Rs.) |
|---|---|---|
| 2515-00-102-22(02) 60 : 40 | | 2830000 |
| 2515-789-96(02) | | 815000 |
| 2515-796-96(02) | | 437000 |
| Total | | 4082000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്(3377343/DEV-2/1/2026-FIN dated 26.02.2026 പ്രകാരം)
4. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 07-03-2026 17:17:31

സെക്ഷൻ ഓഫീസർ